കേരള സർക്കാർ

# മൂവാറ്റുപുഴ ബ്ലോക്ക്പഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

www.lfa.kerala.gov.in

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ എസ് എ-ഇ കെ എം (ബി പി)1553/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

തീയതി – 15/10/2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
മൂവാറ്റുപുഴ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം:- മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – പുറപ്പെടുവിക്കുന്നു.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂവാറ്റുപുഴ ബ്ലോക്ക്പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ചെലവ് ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ മൂവാറ്റുപുഴ ബ്ലോക്ക്പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ്ഡയറക്ടർ

<u>പകർപ്പ്</u> :-

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, എറണാകുളം

3)കാര്യാലയ പകർപ്പ്

JG/-

.

നം കെ.എസ്.എ-ഇ.കെ.എം (ബി പി)1553/2019

തീയതി:15/10/2019

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട്*

*ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക്പഞ്ചായത്തിന്റെ 05.02.2019 മുതൽ 06.08.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ.ജി., ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.08.2019 മുതൽ 14.08.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.റസിയബീവി ജെ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഹരീഷ്ബാബു എൻ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അനീഷ് ആർ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |

| | | | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ജോസി ജോളി വട്ടക്കുഴി | 01.04.2018 | 31.03.2019 |

| സെക്രട്ടറി | കാലയളവ് | |
|---|---|---|
| | മുതൽ | വരെ |
| ശ്രീമതി നൈസി റഹ്മാൻ | 01.04.2018 | 16.07.2018 |
| ശ്രീമതി സേതുലക്ഷ്മി വി. എൽ. | 17.07.2018 | 20.07.2018 |
| ശ്രീമതി സഹിത എം. എസ്. | 21.07.2018 | 31.03.2019 |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| | | | |
|---|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ.മോഹനൻ.കെ. | 01.04.2018മുതൽ 31.03.2019വരെ |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. ശ്രീകല.എം.ചന്ദ്രൻ | 01.04.2018മുതൽ 31.03.2019വരെ |
| 3 | സി.ഡി.പി.ഒ | ശ്രീമതി. സൗമ്യ ജോസഫ് | 01.04.2018മുതൽ 31.03.2019വരെ |
| 4 | പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ഷൈനിമോൾ.കെ.ബി. | 01.04.2018മുതൽ 31.03.2019വരെ |
| 5 | ക്ഷീരവികസന ഓഫീസർ | ശ്രീമതി. മെറീന പോൾ | 01.04.2018മുതൽ 31.03.2019വരെ |
| 6 | വ്യവസായ വികസന ഓഫീസർ | ശ്രീമതി.പ്രിയ പോൾ | 01.04.2018മുതൽ 31.03.2019വരെ |
| 7 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ. ടി.കെ. മോഹൻദാസ് | 01.04.2018മുതൽ 31.03.2019വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | <u>ഭാഗം 1</u> | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത് | 1-13 |
| | ഭാഗം 2 | |
| 14 | കെട്ടിട വാടക ഈടാക്കൽ കാര്യക്ഷമമല്ല | 2-1 |
| 15 | വെട്ടിമാറ്റിയ മരം പുനർലേലം ചെയ്ത് നൽകിയില്ല | 2-2 |
| | ഭാഗം 3 | |
| 16 | പ്രവൃത്തി നടപ്പാക്കിയതിലെ അപാകത | 3-1 |
| 17 | ആദായനികുതി ഈടാക്കിയില്ല | 3-2 |
| 18 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-3 |
| 19 | കശുമാവ് തൈവിതരണം - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-4 |
| 20 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമായിട്ടില്ല | 3-5 |
| | ഭാഗം 4 | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 24 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 28 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 32 | ബാലൻസ് ഷീറ്റ് | അനുബന്ധം 2 |
| 33 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം 3 |
| 34 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം 4 |

# ഭാഗം -1

## പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 24.3.18 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 15.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് വാർഷിക കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./ തീയതി |
|---|---|---|
| 2018-19 | 08.08.2019 | കെ.എസ്.എ-ഇ.കെ.എം (പി.ജി)1368(10)/2019 തീയതി 24.08.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14836905.00 |
| വരവ് | 62784879.00 |
| ആകെ | 77621784.00 |
| ചെലവ് | 61067463.00 |
| നീക്കിയിരിപ്പ് | 16554321.00 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 35736000 | 35736000 | 34420656 | 0 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 8005000 | 8005000 | 5160072 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (റ്റി.എസ്.പി) | | 0 | 494000 | 494000 | 98800 | 0 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 0 | 4250000 | 4250000 | 4123620 | 0 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്-തനത്) | | 122473 | 4012000 | 4134473 | 1409066 | 2725407 |
| STSB 14 | | 260659 | - | - | - | 260659 |
| SIGN for SHGs | | 3515 | 225 | 3740 | 0 | 3740 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ(CANARA BANK-52380-IAY) | ഗ്രാമ പഞ്ചായത്ത് | 6164757 | 475000 | 6639757 | 2624724 | 4015033 |
| | ജില്ലാ പഞ്ചായത്ത് | 4956199 | 500000 | 5456199 | 3674614 | 1781585 |
| | ബ്ലോക്ക് പഞ്ചായത്ത് | 2391113 | 8746528 | 1113764 | 4199558 | 6938083 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | TSC | 427879 | 43187 | 471066 | 212510 | 258556 |
| | EDCB, IAY(loan) | 10219 | - | - | - | 10219 |
| PYKA | | 185975 | 6596 | 192571 | 0 | 192571 |
| UBI misc | | 308361 | 221534 | 529895 | 182520 | 347375 |
| MKSP | | 0 | 43452 | 43452 | 43381 | 71 |
| GST | | 0 | 49238 | 49238 | 45706 | 3532 |
| PMAY-Administrative Fund | | 5755 | 16987 | 22742 | 5152 | 17590 |

ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 129 | 60935643 | 79 | 43803148 | 41 | 9 | 61.24 |

# 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.08.2019 ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ പ്രസ്തുത ദിവസം കളക്ഷനൊന്നും ഇല്ലെന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തദ്ദേശ സ്ഥാപനങ്ങളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിന് 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടതാണ്. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ രസീതുപയോഗിച്ച് സമാഹരിക്കുന്ന തുകയിൽ വാറ്റ്/ജി.എസ്.ടി ഇനത്തിൽ സമാഹരിക്കുന്ന തുക കുറവ് ചെയ്ത് ബാലൻസ് തുക മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്ക് വരുത്തുന്നത്. ഈ തുക സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ട്.

3. തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

4. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

5. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

6. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

8. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

9. ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ, മേൽ ഇനങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

10. വാടക രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.10.18 മുതൽ 12.10.2018 വരെ | 2017-18 | 05.03.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.12.14 മുതൽ 20.12.14 വരെ | 2009-10 മുതൽ 2013-14 വരെ | 18.4.2015 |

.

## 1-12 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

## 1-13 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത്

ഓഡിറ്റ് എൻക്വയറിയെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന തുക തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് | ഇനം | തിരിച്ചടച്ച | ചലാൻ |
|---|---|---|---|

| എൻക്വയറി നം. | | തുക | നമ്പർ/ തീയതി |
|---|---|---|---|
| 1 | മരാമത്ത്(കരാറുകാരന് അധികമായി നൽകിയ തുക) | 1533 | 1920M/ 13.08.19 |
| | ആകെ | 1533 | |

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട വാടക ഈടാക്കൽ കാര്യക്ഷമമല്ല

ബ്ലോക്ക്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 17 കെട്ടിടമുറികൾ വിവിധ സ്വയംസഹായ സംഘങ്ങൾക്ക് വാടകക്ക് നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം വാടക ഇനത്തിൽ 177390/- രൂപ തൻവർഷത്തെ വാടകയിനത്തിലും, 61410 രൂപ കുടിശിക ഇനത്തിലുമായി ആകെ 238800/- രൂപ പിരിച്ചെടുക്കേണ്ടതായിരുന്നു. എന്നാൽ, 135445/- രൂപ മാത്രമാണ് തൻവർഷം പിരിച്ചെടുത്തത്. സാമ്പത്തികവർഷാവസാനം 92755/- രൂപ തൻവർഷത്തെ വാടകയും, 10600/- രൂപ മുൻവർഷത്തെ കുടിശികയും ഉൾപ്പെടെ ആകെ 103355/- രൂപ ഈടാക്കാൻ ബാക്കിയുണ്ട്.

ആശ്രയ കുടുംബശ്രീ യൂണിറ്റ് കല്ലൂർക്കാട്, ഐശ്വര്യ ആക്റ്റിവിറ്റി ഗ്രൂപ്പ് ആയവന എന്നീ സ്ഥാപനങ്ങളിൽ നിന്ന് തൻവർഷം തുകകൾ ഒന്നും ഈടാക്കിയിട്ടില്ല. തനതുവരുമാനത്തിന് ഇതര സ്രോതസുകളൊന്നുമില്ലാതിരിക്കെ വാടക ഇനത്തിൽ കുടിശിക പിരിച്ചെടുക്കാത്തത് ബ്ലോക്ക്പഞ്ചായത്തിന്റെ സുഗമമായ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തിയേക്കാം. വാടകയുടെ പിരിവ് കാര്യക്ഷമമാക്കി, കുടിശിക തുക 103355/- രൂപ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വെട്ടിമാറ്റിയ മരം പുനർലേലം ചെയ്ത് നൽകിയില്ല

ബ്ലോക്ക്പഞ്ചായത്ത് കോമ്പൗണ്ടിലുണ്ടായിരുന്ന ആഞ്ഞിലിമരം ചുവട് ദ്രവിച്ചതിനാൽ 10.01.2018ന് റോഡിലേക്ക് മറിഞ്ഞ് വീണിരുന്നു. ടി മരം വെട്ടി മാറ്റി ലേലം ചെയ്യുന്നതിന് മരത്തിന്റെ മൂല്യനിർണ്ണയം നടത്തുന്നതിന് അസി. ഫോറസ്റ്റ് കൺസർവേറ്റർക്ക് കത്ത് നൽകുകയും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സ്ഥലപരിശോധന നടത്തി 1.94 അടി ക്യൂബിക് മീറ്ററുള്ള മരത്തിന് 60300/- രൂപ വില നിർണ്ണയിച്ച് നൽകുകയും ചെയ്തിരുന്നു. ആയതിൻ പ്രകാരം 08.05.18, 23.05.18, 30.06.18 തീയതികളിൽ ലേല/പുനർലേല നടപടികൾ

നടത്തുകയുണ്ടായി.

എന്നാൽ, സർക്കാർ നിശ്ചയിച്ച തുകക്ക് ലേലം കൊള്ളാൻ ആരും തയ്യാറാകാത്തതിനെ തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാന(v(9), 10.07.18)പ്രകാരം ആഞ്ഞിലിമരത്തിന്റെ വില പുനർനിർണ്ണയിച്ച് നൽകുവാൻ അസി. ഫോറസ്റ്റ് കൺസർവേറ്റർക്ക് വീണ്ടും കത്ത് നൽകി. സർക്കാർ നിശ്ചയിച്ച ഷെഡ്യൂൾ നിരക്ക് പ്രകാരമല്ലാതെ വില പുനർനിർണ്ണയിച്ച് നൽകുവാൽ സാധിക്കുകയില്ലെന്നും, ആയതിനാൽ വകുപ്പിന് യുക്തമായ നടപടി സ്വീകരിക്കാവുന്നതാണെന്നും അവർ മറുപടി നൽകിയിരുന്നു. എന്നാൽ, നാളിതുവരെയായി ടി ആഞ്ഞിലിമരം പുനർലേലം ചെയ്ത് നൽകുന്നതിന് ബ്ലോക്ക്പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 3/14.08.19) മറുപടി നൽകിയിട്ടില്ല. അതിനാൽ, കാലതാമസം കൊണ്ട് തടി നശിച്ച് പോകുന്നതിന് മുമ്പ് തനത് ഫണ്ടിന് ഉണ്ടായേക്കാവുന്ന നഷ്ടം ഒഴിവാക്കുന്നതിന് ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതി യുക്തമായ തീരുമാനം എടുക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചെക്ക് ഡാമിലെ ഷട്ടർ നിർമ്മാണം - പ്രവൃത്തി നടപ്പാക്കിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നം/പേര് | S0111/19, നടുത്തൊണ്ട് ചെക്ക് ഡാമിലെ ഷട്ടർ നിർമ്മാണം |
| അടങ്കൽ | 500000/- |
| ചെലവ് | 55000/- ബിൽ നം.01/18-19/21.05.18 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ

നിർവ്വഹണത്തിൽ താഴെപറയുന്ന അപാകത കാണുന്നു. വാളകം ഗ്രാമപഞ്ചായത്തിലെ നടുത്തൊണ്ട് ചെക്ക് ഡാമിലെ ഷട്ടർ നിർമ്മാണത്തിലെ മെക്കാനിക്കൽ പ്രവൃത്തികൾക്കായി മലമ്പുഴ മെക്കാനിക്കൽ ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 385000/-രൂപ നൽകിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി മാനുവൽ പ്രകാരം എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജ്ജും 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി നൽകാവുന്നതാണ്. എന്നാൽ പി.ഡബ്ല്യു.ഡി മാനുവൽ 1601.4 Deposit Works പ്രകാരവും,സർക്കാർ ഉത്തരവ് നമ്പർ 1069/18/ത.സ്വ.ഭ.വ,തീയതി 16.04.2018 പ്രകാരവും,കോർഡിനേഷൻ കമ്മിറ്റിയുടെ 13.12.2017 ലെ 4.76 തീരുമാന പ്രകാരവും എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. അതിനാൽ 10% ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. മേൽ പ്രോജക്ടിൽ 12.5% സെന്റേജ് ചാർജ്ജും, ആകെ ചെയ്ത പ്രവൃത്തി മൂല്യത്തേക്കാൾ അധിക തുകയും നൽകിയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് 20574/- രൂപ അധികം ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മലമ്പുഴ മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ തുക | 385000 |
| നൽകിയ സെന്റേജ് ചാർജ്(12.5%) | 41412 |
| ആകെ പ്രവൃത്തി മൂല്യം | 331296 |
| നൽകാവുന്ന സെന്റേജ് ചാർജ്(10%) | 33130 |
| ആകെ(331296+33130=364426) | 364426 |
| അധികം നൽകിയത്(385000-364426=20574) | 20574 |

20574/-രൂപ അധികം നൽകാനിടയായ സാഹചര്യം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അതിനാൽ അധിക സെന്റേജ് ചാർജ്ജായ 8282/-രൂപയും അധികമായി നൽകിയ 12292/-രൂപയും ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുയോ, മലമ്പുഴ മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-2 ആദായനികുതി ഈടാക്കിയില്ല

മൂവാറ്റുപുഴ ബ്ലോക്ക്പഞ്ചായത്തുമായി ബന്ധപ്പെട്ട മൂന്ന് കേസുകൾ കൈകാര്യം ചെയ്തതിന് അഡ്വ.ഷൈൻ ജേക്കബിന് 45000/- രൂപ നൽകിയിട്ടുണ്ട്(വൗച്ചർ നം. 96/18-19 തീ. 15.12.18, ചെക്ക് നം. 2650629/15.12.18). 1961 ലെ

ആദായനികുതി നിയമം 194 (ജെ) വകുപ്പ് പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്കുള്ള പ്രതിഫലമായി ഒരു വർഷം 30000 രൂപയിൽ കൂടുതൽ തുക നൽകുമ്പോൾ ആദായനികുതിയിനത്തിൽ 10% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് സർക്കാരിലേക്ക് ഒടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അഡ്വ.ഷൈൻ ജേക്കബിന് മേൽപ്പറഞ്ഞ പ്രകാരം വക്കീൽ ഫീസിനത്തിൽ ₹45000/- രൂപ നൽകിയപ്പോൾ ആയതിന് ബാധകമായ ₹4500/- രൂപ ആദായനികുതി പിടിച്ചിട്ടില്ല.

നിയമാനുസൃതമായി ഈടാക്കേണ്ട ആദായനികുതി കുറവ് ചെയ്യാതെ വക്കീൽ ഫീസ് നൽകിയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 4/14.08.19) മറുപടി നൽകിയിട്ടില്ല. ആയതിനാൽ, ആദായ നികുതിയിനത്തിൽ ഈടാക്കേണ്ട ₹4500/- രൂപ ഈടാക്കി,ആദായ നികുതി വകുപ്പിൽ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2018-19 വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ ഡെപ്പോസിറ്റ് വർക്കുകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | പ്രോജക്ട് നം& പേര് | തുക | ചെലവ് വിവരം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 21/18-19, വാളകം ഡിവിഷനിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി ലൈൻ നീട്ടൽ | 220000 | 46/18-19 /28-11-18 | കെ.എസ്.ഇ.ബി. |
| 2 | 22/18-19, അഞ്ചൽപ്പെട്ടി ഡിവിഷനിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി ലൈൻ നീട്ടൽ | 184285 | 48/18-19 /28.11.18 | കെ.എസ്.ഇ.ബി. |
| 3 | 23/18-19, ആവോലി ഡിവിഷനിൽ(മഞ്ഞള്ളൂർ പഞ്ചായത്ത് വാർഡ് 1) വൈദ്യുതി ലൈനും പോസ്റ്റും മാറ്റി സ്ഥാപിക്കൽ | 300000 | 50/18-19 /29.11.18 | കെ.എസ്.ഇ.ബി. |

| | | | | |
|---|---|---|---|---|
| 4 | 24/18-19, മാറാടി ഡിവിഷനിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി ലൈൻ നീട്ടലും ,ലൈൻ മാറ്റി സ്ഥാപിയ്ക്കലും. | 280000 | 51/18-19 /29.11.18 | കെ.എസ്.ഇ.ബി. |
| 5 | 25/18-19, മണിയന്ത്രം എസ്.സി കോളനിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(മഞ്ഞള്ളൂർ ഡിവിഷൻ) | 350000 | 53/18-19 /29.11.18 | കേരള വാട്ടർ അതോറിറ്റി |
| 6 | 34/18-19, കക്കാട് തണ്ട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(ആവോലി ഡിവിഷൻ- ആവോലിപഞ്ചായത്ത് ) | 250000 | 55/18-19 /30.11.18 | കേരള വാട്ടർ അതോറിറ്റി |
| 7 | 35/18-19, ആരക്കുഴ ഡിവിഷനിൽ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 60000 | 62/18-19 /20.2.19 | കേരള വാട്ടർ അതോറിറ്റി |
| 8 | 110/18-19, ആയവന പഞ്ചായത്ത് വാർഡ് 12 ൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(രണ്ടാം പാദം) | 55000 | 65/18-19 /20.2.19 | കേരള വാട്ടർ അതോറിറ്റി |
| 9 | 133/18-19, പായിപ്ര പഞ്ചായത്തിലെ വാർഡ് 22 കാവുംപടി കരുട്ടയിൽ റോഡ്,വാർഡ്1,മൈക്രോസ്റ്റേഷൻ റോഡ് എന്നിവിടങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻഎക്സ്റ്റൻഷൻ. | 250000 | 47/18-19 /27.11.18 | കേരള വാട്ടർ അതോറിറ്റി |
| 10 | 145/18-19, തെക്കുംമലപൈപ്പ് ലൈൻ എക്സ്റ്റൻഷൻ ((മഞ്ഞള്ളൂർ പഞ്ചായത്ത് | 280000 | 50/18-19 /28.11.18 | കേരള വാട്ടർ അതോറിറ്റി |
| 11 | 154/18-19, ആയവന പഞ്ചായത്ത് വാർഡ് 12 ൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 275000 | 49/18-19 /29.11.18 | കേരള വാട്ടർ അതോറിറ്റി |
| 12 | 155/18-19, ആരക്കുഴ വാർഡ് 4 നെടുംപാറ എസ്.സി.കോളനി കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിയ്ക്കൽ | 150000 | 45/18-19 /26.11.18 | കേരള വാട്ടർ അതോറിറ്റി |
| 13 | 164/18-19, മാങ്കത്തേൽ എസ്.സി കോളനിയിൽ കുടിവെള്ള പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ. | 200000 | 68/18-19 /19.3.19 | കേരള വാട്ടർ അതോറിറ്റി |

| | | | | |
|---|---|---|---|---|
| | ആകെ | 2854285 | | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ഡെപ്പോസിറ്റ് വർക്കുകൾക്കായി ചെലവഴിച്ച 2854285 രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 കശുമാവ് തൈവിതരണം - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രൊജക്ട് നം. | S0072/19 |
| നിർവഹണം | കൃഷി അസി. ഡയറക്ടർ |
| അടങ്കൽ | 450000/- (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 430194/- |
| ബിൽ നം. | 01/18-19, 24.11.18<br>03/18-19, 23.03.19 |

മേൽ പ്രോജക്ടിൽ മടക്കത്തറ കാഷ്യൂ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും 8000 ഗ്രാഫ്റ്റ് കശുമാവ് തൈകൾ വാങ്ങി കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിന് കൃഷിഭവനുകൾക്ക് നൽകിയിട്ടുണ്ട്. ഇതിലേക്കായി കശുമാവ് തൈകളുടെ വിലയായി 400000/-രൂപയും(8000*50), ട്രാൻസ്പോർട്ടേഷൻ, ലോഡിംഗ്/അൺലോഡിംഗ് ചെലവുകൾക്കായി 30194/-രൂപയും ഉൾപ്പെടെ ആകെ 430194/-രൂപ ചെലവായിട്ടുണ്ട്.

2018-19 സബ്സിഡി മാർഗ്ഗരേഖ (ജി.ഒ (എംഎസ്) 22/2018, തീയതി 14.02.18) പ്രകാരം കശുമാവ് തൈവിതരണം പദ്ധതിക്കായി കാഷ്യൂ കോർപ്പറേഷനിൽ നിന്നും സൗജന്യമായി തൈ ലഭിക്കുന്നില്ലെങ്കിൽ മാത്രം വികസന ഫണ്ട് ഉപയോഗിക്കാം എന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ മൂവാറ്റുപുഴ ബ്ലോക്ക്പഞ്ചായത്ത് മേൽ പദ്ധതി നടപ്പിലാക്കിയപ്പോൾ കശുമാവ് തൈകൾ സൗജന്യമായി ലഭ്യമാക്കുന്നത് സംബന്ധിച്ച് കാഷ്യൂ കോർപ്പറേഷനിൽ അന്വേഷണം നടത്തിയിട്ടില്ല.

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 5/14.03.19) കാഷ്യൂ കോർപ്പറേഷനുമായി ഫോണിൽ ബന്ധപ്പെട്ടിരുന്നു എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, ഇത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിരുന്നില്ല. ആയതിനാൽ, പദ്ധതികൾ നടപ്പാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

## 3-5 പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | 113/19, പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരന്റെ പേര് | ടോണി ജോസ് |
| അളവു പുസ്തകം | 310/17-18 |
| ചെലവ് വിവരം | 44/27.03.2019 തുക 484022/- |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് ബെയിലിങ്ങ് മെഷീൻ എന്നിവ സ്ഥാപിക്കുന്നതിന് ക്ലീൻ കേരള മിഷനുമായി 12.10.2017 ൽ കരാറിൽ ഏർപ്പെട്ടുകയും 982943/- രൂപ ആയതിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മെഷിനുകൾ സ്ഥാപിച്ചുവെങ്കിലും നാളിതു വരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല. സ്ഥലവാസികളുടെ എതിർപ്പും,മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപ പത്രവും ലഭിക്കാതിരുന്നതിനാൽ വളരെ വൈകിയാണ് മെഷീനറികൾ സ്ഥാപിക്കുവാൻ കഴിഞ്ഞത്.

കരാറിലെ വ്യവസ്ഥ പ്രകാരം മെഷിനുകൾ സ്ഥാപിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനം, 1687 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ഷെഡ് 3 ഫേസ് കണക്ഷനോടുകൂടിയ വൈദ്യുത കണക്ഷൻ ജലലഭ്യത എന്നീ അടിസ്ഥാന സൗകര്യങ്ങൾ സഹിതം നൽകേണ്ടതുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും, ഇതിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും 3 ഫേസ് വൈദ്യുതി കണക്ഷൻ എടുക്കുന്നതിനുമുള്ള പ്രോജക്ടുകൾ പൂർത്തീകരിച്ചതായും അറിയിച്ചു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|

| | സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|---|
| 1 | ആവോലി ഗ്രാമ പഞ്ചായത്ത് | 2018-19 | 200000 | പി.എം.എ.വൈ ഭവന നിർമ്മാണം | 00 | 200000 |
| 2 | പായിപ്ര ഗ്രാമ പഞ്ചായത്ത് | 2018-19 | 2329000 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 00 | 2329000 |
| 3 | ആരക്കുഴ, ആവോലി, ആയവന, കല്ലൂർക്കാട്, മഞ്ഞള്ളൂർ, പായിപ്ര, വാളകം, മാറാടി ഗ്രാമ പഞ്ചായത്തുകൾ | 2018-19 | 2630000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 00 | 2630000 |
| 4 | ജില്ലാ പഞ്ചായത്ത് | 2018-19 | 1450000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 00 | 1450000 |
| 5 | ജില്ലാ പഞ്ചായത്ത് | 2018-19 | 280000 | പി.എം.എ.വൈ ഭവന നിർമ്മാണം | 00 | 280000 |

.

# 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്-25/19, മഞ്ഞള്ളൂർ,മണിയന്തടം എസ് സീ കോളനി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 53/18-19 29.11.2018 | 364000 | 0 | 364000 |
| കേരള വാട്ടർ | പ്രോജക്ട്-34/19, ആവോലി,കക്കാട്തണ്ട് | 55/18-19 30.11.2018 | 260000 | 0 | 260000 |

| | | | | | |
|---|---|---|---|---|---|
| അതോറിട്ടി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | | | | |
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്-35/19, ആരക്കുഴ, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 46/18-19 04.11.2018 | 60000 | 0 | 60000 |
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്-110/19, ആയവന,പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 52/18-19 29.11.2018 | 60000 | 0 | 60000 |
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്-145/19, മഞ്ഞള്ളൂർ, തെക്കുമല പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 56/18-19 30.11.2018 | 300000 | 0 | 300000 |
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്-154/19, ആയവന,പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 49/18-19 29.11.2018 | 275000 | 0 | 275000 |
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്155/19,ആരക്കുഴ നെട്ടമ്പാറ എസ് സി കോളനി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 45/18-19 22.11.2018 | 150000 | 0 | 150000 |
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്-133/19, പായിപ്ര, പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ വാർഡ് 22,കാവുംപടി കുരുട്ടയിൽ റോഡ് വാർഡ് 1,മൈക്രോ സ്റ്റേഷൻ റോഡ് | 47/18-19 28.11.2018 | 260000 | 0 | 260000 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | പ്രോജക്ട്-23/19,മഞ്ഞള്ളൂർ ഇലക്ട്രിക് ലൈൻ എക്സ്റ്റെൻഷൻ | 50/18-19 29.11.2018 | 285000 | 0 | 285000 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | പ്രോജക്ട്-22/19,പോത്താനിക്കാട് ഇലക്ട്രിക് ലൈൻ എക്സ്റ്റെൻഷൻ | 48/18-19 28.11.2018 | 200000 | 0 | 200000 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | പ്രോജക്ട്-24/19,മാറാടി ഇലക്ട്രിക് ലൈൻ എക്സ്റ്റെൻഷൻ | 51/18-19 29.11.2018 | 280000 | 0 | 280000 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | പ്രോജക്ട്-25/19,വാളകം ഇലക്ട്രിക് ലൈൻ എക്സ്റ്റെൻഷൻ | 54/18-19 29.11.2018 | 270904 | 0 | 270904 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം. തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക. |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ | 012/48313 LN794/1028 dt.26.4.13 | 4275000 | 3859000 | 1000000 | 1254764 | 1604236 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62784879.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61067463.00 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2854285/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 2854285/- | ശ്രീമതി സഹിത എം എസ്, സെക്രട്ടറി |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 4500 | ശ്രീമതി സഹിത എം എസ്, സെക്രട്ടറി |

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സഹിത എം. എസ്, സെക്രട്ടറി | സെക്രട്ടറി, മൂവാറ്റുപുഴ ബ്ലോക്ക്പഞ്ചായത്ത് | പെരുംപുഞ്ചയിൽ, ഞീഴൂർ പി ഒ, കോട്ടയം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1997-1998<br>1998-1999<br>1999-2000<br>2000-2001<br>2001-2002 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1300/2019 തീയതി 06.09.2019 |
| 2003-2004<br>2004-2005<br>2007-2008<br>2008-2009<br>2009-2010 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1300/2019 തീയതി 06.09.2019 |
| 2012-2013 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1300/2019 തീയതി 06.09.2019 |
| 2013-2014<br>2014-2015 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.2) 586/2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 352/2017 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 2193/2017/ 15.12.17 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 1272/19 തീയതി 30.09.19 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും പഞ്ചായത്തുകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ

അടിസ്ഥാനത്തിലാണ്.

.

ജോയിന്റ് ഡയറക്ടർ

<u>2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

1.കെട്ടിട വാടക (current,arrears) ഡിമാന്റ് (B15 2017-18, I-3),കളക്ഷൻ (RP43), ബാലൻസ്(B15)തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വാർഷിക ധനകാര്യ പത്രിക പ്രകാരം | | രജിസ്റ്റർ പ്രകാരം | |
|---|---|---|---|---|
| | Arrears | Current | Arrears | Current |
| ഡിമാന്റ് | 42029 | 219800 | 61410 | 177390 |
| കളക്ഷൻ | 0 | 133795 | 50810 | 84635 |
| ബാലൻസ് | 86005 | 42029 | 10600 | 92755 |

2. B-11ഷെഡ്യൂളിലെ other construction (410300399), Movable assets – Furnitures, Fittings & Electrical Appliances എന്നീ ആസ്തികളുടെ ബാലൻസ് മുൻവർഷ ബാക്കിയും (B-11 2017-18), തൻവർഷത്തെ addition (RP-43) എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

3. B-17 ഷെഡ്യൂളിലെ ജി.എസ്.ടി അക്കൗണ്ട്(കാനറ ബാങ്ക് 0714101066592) നീക്കിയിരിപ്പ് 3532 രൂപയാണ്. പാസ് ബുക്ക് പ്രകാരമുള്ള ബാലൻസ് 3486 രൂപയാണ്. ഈ വ്യത്യാസം പൊരുത്തപ്പെടുത്തി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.

4. B-17 ഷെഡ്യീളിൽ എംകെഎസ്പി പദ്ധതിയുടെ നീക്കിയിരിപ്പ് 71 രൂപയുണ്ട്. ടി തുക B-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

5. 2018-19 സാമ്പത്തികവർഷം വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി കെ.സ്.ഇ.ബിയ്ക്ക് 765000/- രൂപയും, കേരള വാട്ടർ അതോറിറ്റിയ്ക്ക് 1729000/-രൂപയും നൽകിയിട്ടുണ്ട്. എന്നാൽ, ഡെപ്പോസിറ്റ് വർക്കിന്റെ ചെലവായി ടി തുക റസീപ്റ്റ്&പേയ്മെന്റ് അക്കൗണ്ടിൽ ഉൾപ്പെടുത്തുകയോ, ബാലൻസ്

ഷീറ്റിൽ ആസ്തിയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

6. വാർഷികധനകാര്യപത്രിക പ്രകാരം തൻവർഷം ഐഎവൈ വായ്പക്ക് തൻവർഷം തിരിച്ചടവ് ഇല്ല. മുൻവർഷ ബാക്കിയായ 3325000/-രൂപ തന്നെയാണ് വർഷാവസാനത്തെ ബാക്കി. എന്നാൽ, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം മുൻവർഷ ബാക്കി 38590000/-രൂപയും, തൻവർഷത്തെ അടവ് 1000000/- രൂപയും,വർഷാവസാനം തിരിച്ചടക്കാനുള്ള തുക 2859000/- രൂപയുമാണ്.

7. അഡ്വാൻസ്, ഡെപ്പോസിറ്റ്, വായ്പ രജിസ്റ്ററുകൾ കാലികമാക്കി പരിപാലിക്കുന്നില്ല.

8. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

*Annexure – 1*

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of MOOVATTUPUZHA BLOCK PANCHAYAT in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the Rules their under and the guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions.

In my opinion, the Financial Statement of MOOVATTUPUZHA BLOCK PANCHAYAT for the year 2018-19 subject to the observations in the Annexure-2 properly presents the picture of income, expenditure and closing balance.

JOINT DIRECTOR

Defects of the Annual Financial statement of MOOVATTUPUZHA BLOCK PANCHAYAT for the year 2018-19 are shown below

1. Rent (current, arrears) demand (B15 2017-18, I-3), collection (RP43), and balance (B15) amounts do not match with the register. Detailed list is shown below.

| | According to AFS | | According to register | |
|---|---|---|---|---|
| | Arrears | Current | Arrears | Current |
| Demand | 42029 | 219800 | 61410 | 177390 |
| Collection | 0 | 133795 | 50810 | 84635 |
| Balance | 86005 | 42029 | 10600 | 92755 |

2. The value of other construction (410300399), Movable assets – Furnitures, Fittings & Electrical Appliances included in B-11 schedule do not match with the value of previous year balance (B-11 2017-18), plus present year addition (RP-43).

3. As per B-17 schedule GST Account (Canara Bank 0714101066592) closing balance is Rs. 3532/- . Pass book balance is Rs. 3486/-. Reconciliation statement is not prepared.

4. In B-17 schedule MKSP project closing balance is Rs. 71/-, but this amount has not been mentioned in B-4 as liability.

5. In 2018-19 the Block Panchayath has deposited Rs. 765000/- for various deposit works in KSEB and Rs.1729000/- is deposited in KWA. But, the above said amount had not been mentioned in Receipt and Payment Account.

6. As per 2018-19 AFS, there is no repayment of loan in respect of IAY loan account. Present year’s balance is same as previous year’s balance, i.e., Rs. 3325000/-. But, according to bank statement, previous year balance is Rupees 38590000/- present year's loan repayment is Rs. 1000000/- and amount to be paid at the end of the year is Rs. 2859000/-. The difference is not reconciled.

7. Advance, deposit, loan registers are not updated and maintained properly.

8. All assets including land has not been included in the asset register and not reconciled with the Annual financial statement according to G.O.(MS)152/2011/LSGD dated 26.07.2011. The Sachitra software that specifies assets has not been linked with Sankhya software.

.

JOINT DIRECTOR
KERALA STATE AUDIT DEPARTMENT
ERNAKULAM DISTRICT OFFICE